DESPATCHED On..5/11/2021..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 655*(2)/2021*/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **6678**/എസ്.ഐ.സി-ജി 6/21)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഡിനോയ് ഡേവിസ് എ.,
ആലക്കപ്പറമ്പൻ ഹൗസ്,
കുന്നത്തുങ്കര, ഒല്ലൂക്കര പി.ഒ.,
തൃശ്ശൂർ – 680 655. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജില്ലാ ലേബർ ഓഫീസർ(ആസ്ഥാനം),
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം – 695 033.

2. അപ്പീൽ അധികാരി&
അഡീഷണൽ ലേബർ കമ്മീഷണർ(ഇ),
ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.03.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.05.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.06.2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 28.06.2021 |
| ഹിയറിംഗ് നടന്ന തീയതി | 16.09.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2.അപ്പീൽ ഹർജിക്കാരൻ 10.03.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ടിയാൻ സമർപ്പിച്ചി രുന്ന ജിസി141/18 ഗ്രാറ്റുവിറ്റി കേസിൽ 05.07.2019ന് ടിയാനനുകൂലമായി ഉത്തരവായിട്ടുള്ളതാണെന്നും ടി ഉത്തരവിനെതിരെ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുമ്പാകെ എതിർകക്ഷി ജിഎ17/2019 നമ്പറായി അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ടി അപ്പീൽ തള്ളിക്കൊണ്ട് തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ജിസി 141/18 പ്രകാരമുള്ള ഉത്തരവ് ശരിവച്ചുകൊണ്ട് 27.05.2020ന് ഉത്തരവായിട്ടുള്ളതാണെന്നും ടി ഉത്തരവിനെതിരെയും എതിർകക്ഷി ഹൈക്കോടതിയെ സമീപിച്ചിരുന്നുവെന്നും WP(C) NO.18761/2020 നമ്പർ ഹൈക്കോടതി ഉത്തരവ് 15.10.2020ൽ നിലവിൽ വന്നുവെങ്കിലും നാലരമാസം കഴിഞ്ഞിട്ടും ടി ഉത്തരവ് നടപ്പിലാക്കിയിട്ടില്ലെന്നും ആയ തിനാൽ,

1. തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീ സിൽ നിന്നും 21.01.2021 തീയതിയിൽ ഇ 76/2021 നമ്പ റായി ലേബർ കമ്മീഷണർക്ക് അയച്ചിട്ടുള്ള കത്ത് എന്നാണ് ലഭിച്ചതെന്നും ഇതിൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്നും എന്നാണ് എടുത്തതെന്നും ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് എന്തു മറുപടി യാണ് നൽകിയിട്ടുള്ളതെന്നും എന്നാണ് നൽകിയിട്ടു ള്ളതെന്നും മറുപടിയുടെ രേഖ(കോപ്പി) നൽകണമെ ന്നും

2. ലേബർ കമ്മീഷണർ എന്നാണ് ടി കത്ത് കണ്ടിട്ടുള്ള തെന്നും കത്ത് കാണുവാൻ വൈകിയിട്ടുണ്ടങ്കിൽ അതിന്റെ കാരണമെന്താണെന്നും

3. ബഹു.ഹൈക്കോടതി ഓർഡറുമായി ബന്ധപ്പെട്ട ടി കാര്യത്തിൽ നടപടി എടുക്കാൻ (മറുപടി നൽകുവാൻ) താമസിച്ചതിനുള്ള കാരണമെന്താണെന്നും

4. ടി കത്തുമായി (ഇ 76/2021) ബന്ധപ്പെട്ട് നടപടിയെടുക്കുവാൻ (മറുപടി നൽകുവാൻ) ഉത്തരവാദപ്പെട്ട വ്യക്തി ആരാണെന്നും ടി വ്യക്തിയുടെ മേലധികാരി ആരാണെന്നും

5. ടി ഉത്തരവാദപ്പെട്ട വ്യക്തി 21.01.2021 മുതൽ 04.03.2021 വരെ ഓഫീസിൽ വന്നിട്ടില്ലേയെന്നും എത്ര ദിവസം ഹാജരായിട്ടുണ്ടെന്നും ഹാജർ ആയിരുന്നെങ്കിൽ എന്തുകൊണ്ടാണ് നടപടിയെടുക്കാതിരുന്നതെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 27.03.2021ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.05.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയും ആയതിന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുന്നതിനായി 29.04.2021ന് ടി കാര്യാലയത്തിൽ നിന്നും കത്തയച്ചിരുന്നെങ്കിലും നിലവിലെ കോവിഡ് സാഹചര്യം പരിഗണിച്ച് യാത്ര ചെയ്ത് എത്തുന്നത് ബുദ്ധിമുട്ടാണെന്ന് ടെലഫോൺ മുഖേന ഹർജിക്കാരൻ അറിയിച്ചിരുന്നുവെന്നും എസ്.പി.ഐ.ഒ.യുടെ മറുപടി പരിഗണിച്ച് താഴെപ്പറയുന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായെന്നുമാണ്.

1. തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ ഓഫീസിൽ നിന്നും 21.01.2021ന് അയച്ച കത്ത് 25.01.2021ന് ടി കാര്യാലയത്തിൽ ലഭ്യമായെന്നും ടി കത്തിലെ ആവശ്യപ്രകാരം തൃശ്ശൂർ ഡെപ്യൂട്ടി ലേബർ

കമ്മീഷണർ മുമ്പാകെ കെട്ടിവച്ചിട്ടുള്ള ഗ്രാറ്റുവിറ്റി തുക ഹർജിക്കാരന് പലിശഉൾപ്പെടെ ലഭിക്കുന്ന വിധം നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങുവാൻ സർക്കാർ അനുമതി ആവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് കത്ത് നൽകിയെന്നും ഇതുസംബന്ധിച്ച് ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് ഇതുവരെ മറുപടി നൽകിയിട്ടില്ലെന്നും സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് മറുപടി നൽകുമെന്നുമാണ്.

2. ലേബർ കമ്മീഷണറെ പ്രതിനിധീകരിച്ച് അഡീഷണൽ ലേബർ കമ്മീഷണർ(ഇ) 23.02.2021ന് കത്ത് കണ്ടിട്ടുണ്ടെന്നും
3. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് നാഷണലൈസ്ഡ് ബാങ്കിൽ ഫിക്സ് അക്കൗണ്ട് തുടങ്ങുവാൻ സർക്കാർ അനുമതി ആശ്യമാണെന്നും ആയതിലേയ്ക്ക് 30.03.2021ന് ഇ.എൻ.1532/2021 നമ്പർ കത്തു പ്രകാരം സർക്കാരിലേയ്ക്ക് കത്തു നൽകിയിട്ടുണ്ടെന്നും സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് മറുപടി നൽകുമെന്നുമാണ്.
4. പ്രസ്തുത കത്തുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നുമാണ് മറുപടി നൽകാനുള്ളതെന്നും എന്നാൽ ഇക്കാര്യത്തിൽ സർക്കാരിലേയ്ക്ക് അയച്ച കത്തിന് സർക്കാരിൽ നിന്നും മറുപടി ലഭിച്ചാൽ മാത്രമേ ഹർജിക്കാരന് മറുപടി നൽകാൻ സാധിക്കുകയുള്ളുവെന്നാണ്.
5. ലേബർ കമ്മീഷണറെ പ്രതിനിധീകരിച്ച് അഡീഷണൽ ലേബർ കമ്മീഷണർ(ഇ) സർക്കാരിലേയ്ക്ക് കത്ത് കണ്ടിട്ടുണ്ടെന്നും
6. ഹർജിക്കാരനിൽ നിന്നും ലഭിച്ച കത്തിന് ടി ഓഫീസിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്നാൽ സർക്കാരിലേയ്ക്ക് അയച്ച കത്തിന് മറുപടി ലഭിച്ചാൽ മാത്രമേ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി നൽകാൻ സാധിക്കൂവെന്നുമാണ്.
7. ടി കാര്യാലയത്തിൽ നിന്നും തീരുമാനമെടുക്കാൻ കഴിയാത്ത കാര്യമാണെന്നും ആവശ്യം സംബന്ധിച്ച് സർക്കാർ അനുമതി ആവശ്യമായതിനാൽ സർക്കാരിൽ നിന്നും അനുമതി ലഭ്യമാകുന്നതിനു വേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമാണ്.

8. ഗ്രാറ്റുവിറ്റി കേസ് സംബന്ധമായ തുകകൾ സാഷണലൈസ്ഡ് ബാങ്കിൽ എപ്രകാരമാണ് ഡെപ്പോസിറ്റ് ചെയ്തുവരുന്നതെന്നുള്ള വിവരം ലഭ്യമാക്കുന്നതിനായി എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്കും കത്തു നൽകിയെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.
9. 10,11 ചോദ്യങ്ങൾക്ക് ടിയാന് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് 23.03.2021ന് തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയിട്ടുണ്ടെന്നും ആക്ഷേപമുള്ള പക്ഷം പ്രസ്തുത കാര്യാലയത്തിലെ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാമെന്നാണ് അറിയിച്ചത്.

എസ്.പി.ഐ.ഒ.യുടെ വിശദീകരണവും മേൽ വിവരങ്ങളും പരിഗണിച്ച് അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവായെന്നുമാണ്.

3.അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ 1, 2,3, 4, 5, 6, 8, 9 എന്നീ ഇനങ്ങൾക്ക് വ്യക്തമായും പൂർണ്ണമായും മറുപടി നൽകിയിട്ടില്ലെന്നും ടി ഇനങ്ങളുടെ മറുപടി പൂർണ്ണമായും ഇനം തിരിച്ച് വ്യക്തമായും നൽകണമെന്നാണ് കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിരിക്കുന്നത്. ഹർജിക്കാരന്റെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ തീരുമാനമെടുക്കാൻ വിവിധ സെക്ഷനുകളിലേയ്ക്ക് സർക്കുലേറ്റ് ചെയ്യുന്ന സമയത്താണ് ടിയാന്റെ വിവരാവകാശ അപേക്ഷ ലഭിച്ചതും ടി സമയത്തുള്ള ഫയലിലെ വിവരങ്ങൾ നൽകിയതുമെന്നും ആയതിനാലാണ് പ്രസ്തുത മറുപടി അപൂർണ്ണമായി ഹർജിക്കാരന് തോന്നിയതെന്നും തുടർന്ന് ടി ഫയലിലെ അന്തിമ തീരുമാനം സർക്കാരിൽ നിന്ന് ലഭ്യമാകുന്നതിന് മുമ്പാണ് അപ്പീൽ ഹർജി ലഭിച്ചതെന്നും ആയതിനാലാണ് അപ്പീലിന്റെ മറുപടിയും ടിയാന് പൂർണ്ണ തൃപ്തിയാകാത്തതെന്നും ടി മറുപടി തയ്യാറാക്കുന്ന സമയത്തും പ്രസ്തുത വിഷയത്തിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടില്ലെന്നും നടപടിയിലിരിക്കുകയാണെന്നാണ് അറിയുവാൻ കഴിഞ്ഞ

തെന്നുമാണ് രണ്ടാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ 14.09.2021ന് കമ്മീഷനിലേയ്ക്ക് മെയിൽ ചെയ്ത കത്ത് എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുക്കണമെന്നും എസ്.പി.ഐ.ഒ. ആയത് പരിശോധിച്ച് ഹർജിക്കാരന് മറുപടി നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2021 നവംബർ 03ന് കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION